നം. ICDS A1/8780/18

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471-2346508
ഇ.മെയിൽ : swdicds@gmail.com
തീയതി: 30.12.2020

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം : വനിത ശിശു വികസന വകുപ്പ് - ഐ.സി.ഡി.എസ് - അങ്കണവാടി പ്രവർത്തകർക്കുള്ള യൂണിഫോം വിതരണം - സംബന്ധിച്ച്.

സൂചന : 28.02.2020 തീയതിയിലെ ഇതേ നമ്പർ കത്ത്.

സംസ്ഥാനത്തെ അങ്കണവാടികളിലെ 33,115 അങ്കണവാടി വർക്കർമാർക്കും 32,986 അങ്കണവാടി ഹെൽപ്പർമാർക്കും രണ്ട് യൂണിഫോം ഓവർകോട്ട് വീതം നൽകുന്നതിന് സർക്കാർ ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സൂചന പ്രകാരം കേരള ടെക്സ്റ്റയിൽസ് കോർപറേഷൻ ലിമിറ്റഡിന് വിതരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ കേരള ടെക്സ്റ്റയിൽസ് കോർപറേഷൻ ലിമിറ്റഡ് യൂണിഫോം വിതരണം ആരംഭിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ കേരള ടെക്സ്റ്റയിൽസ് കോർപറേഷൻ ലിമിറ്റഡ് മുഖേന ICDS കളിൽ ലഭ്യമാക്കുന്ന യൂണിഫോമുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി അങ്കണവാടി വർക്കർക്ക് ഗ്രേനിറത്തിലും അങ്കണവാടി ഹെൽപ്പർമാർക്ക് ചെറുപയർ പച്ച നിറത്തിലുമുള്ള ഓവർകോട്ടുകൾ യഥാസമയം വിതരണം ചെയ്യേണ്ടതാണ്. അപ്രകാരം എല്ലാ ICDS കളിലും യൂണിഫോം ഓവർകോട്ട് ലഭ്യമായിട്ടുണ്ടോ എന്ന് പ്രോഗ്രാം ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിതാ ശിശു വികസന ഡയറക്ടർക്കു വേണ്ടി